ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	521
കൊല്ലം	773
പത്തനംതിട്ട	149
ആലപ്പുഴ	70
കോട്ടയം	1752
ഇടുക്കി	4387
എറണാകുളം	810
തൃശൂർ	1763
പാലക്കാട്	27
മലപ്പുറം	140
കോഴിക്കോട്	468
വയനാട്	72
കണ്ണൂർ	139
കാസർഗോഡ്	1781
ആകെ	12852

(ബി) തീർപ്പാക്കുവാൻ ബാക്കിയുള്ള അപേക്ഷകൾ പ്രതിമാസ ലക്ഷ്യം നിശ്ചയിച്ച് 31-12-2003-ന് മുൻപ് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നിയന്ത്രണങ്ങൾ

20 (1959) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈവശാവകാശ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പട്ടയം ലഭിക്കുന്നതിനുള്ള അർഹത എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്ര ഹെക്ടർ ഭൂമിക്ക് കൈവശാവകാശക്കാർക്കായി പട്ടയം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ വനഭൂമി എത്ര ; സർക്കാർ വക ഭൂമികളും പുറംപോക്കുകളും എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വനഭൂമിക്ക് പട്ടയം നൽകുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(എഫ്) വനഭൂമിയിൽ കുടികിടപ്പവകാശപ്രകാരം പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ ; എത്ര ഹെക്ടർ വനഭൂമിക്കുവേണ്ടിയാണ് അപേക്ഷകൾ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേരത്തെ പട്ടയം നൽകിയ നടപടി റദ്ദ് ചെയ്യുകയോ മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) 1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവയുടെ സാദ്ധ്യത പരിശോധിച്ച് പട്ടയം നൽകി വരുന്നു. റവന്യൂ (യു) വകുപ്പിന്റെ 7-8-2001-ലെ 441/8/യു2/2001/റവ. നമ്പർ ഉത്തരവ് പ്രകാരം പൊതുതാല്പര്യം ഉള്ളടങ്ങിയിട്ടുള്ള ഭൂമി പതിവ് കേസുകൾ മാത്രമേ പരിഗണിക്കുന്നുള്ളൂ.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 1980 കേന്ദ്ര വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ വനഭൂമിക്ക് പട്ടയം നൽകാൻ കഴിയുകയുള്ളൂ.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

അൻപത് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരുടെ കണക്ക്

21 (1960) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുള്ളിൽ 50 ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർ എത്രയെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ വിദേശ സ്ഥാപനങ്ങളോ വ്യക്തികളോ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ ഇത്തരത്തിൽ ഭൂമി കരസ്ഥമാക്കിയ വ്യക്തികളും സംഘടനകളും എത്രയാണ് ;

(ഡി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; തിരുവനന്തപുരം ജില്ലയിൽ 'സി' വിഭാഗത്തിൽപ്പെടുന്നവരുടെ വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly